# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3772 — 11.11.2019 ലെ മറുപടിയ്ക്ക്

## സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങൾ

| | ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ കാലയളവിനുള്ളിൽ സംസ്ഥാനത്തുണ്ടായ വാഹനാ-പകടങ്ങളിൽ എത്ര കേസ്സുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തു; അതിൽ എത്ര പേർ മരണപ്പെട്ടു; വ്യക്തമാക്കാമോ; | (എ) | 25/05/2016 മുതൽ 31/10/2019 വരെ സംസ്ഥാനത്ത് 135374 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും, അതിൽ 14468 പേർ മരണപ്പെട്ടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സ്വകാര്യ വാഹനങ്ങളുടെ മത്സരയോട്ടം കാരണം ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര അപകടം ഉണ്ടായി; അതിൽ എത്രപേർ മരണപ്പെട്ടു; | (ബി) | 25/05/2016 മുതൽ 31/10/2019 വരെ സ്വകാര്യ വാഹനങ്ങളുടെ മത്സരയോട്ടം കാരണം നാളിതുവരെ 177 അപകടങ്ങൾ ഉണ്ടാവുകയും, അതിൽ 14 പേർ മരണപ്പെട്ടുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇക്കാലയളവിനുള്ളിൽ അശ്രദ്ധമാകും വിധം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിച്ച വകയിൽ എത്ര അപകടങ്ങൾ രജിസ്റ്റർ ചെയ്തു; അതിൽ എത്രപേർ മരണപ്പെട്ടു; | (സി) | 25/05/2016 മുതൽ 31/10/2019 വരെ ഇത്തരത്തിൽ 3238 അപകടങ്ങൾ രജിസ്റ്റർ ചെയ്യുകയും, അതിൽ 650 പേർ മരണപ്പെട്ടുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇക്കാലയളവിനുള്ളിൽ ബൈക്ക് റെയ്സിംഗ് മൂലം അപകടം വരുത്തിവച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; അതിൽ എത്ര പേർ മരണപ്പെട്ടു; | (ഡി) | 25/05/2016 മുതൽ 31/10/2019 വരെ ബൈക്ക് റെയ്സിംഗ് മൂലം അപകടം വരുത്തിവച്ച കേസ്സുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഇ) | ഇത്തരത്തിൽ വാഹനങ്ങൾ ഓടിച്ച് അപകടം വരുത്തിവയ്ക്കുന്നവരുടെ ലൈസൻസ് അന്വേഷണം കൂടാതെതന്നെ എന്നേയ്ക്കുമായി റദ്ദ് ചെയ്യുവാൻ കർശന നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | അശ്രദ്ധമായി വാഹനങ്ങൾ ഓടിച്ച് അപകടം വരുത്തുന്നവരുടെ ലൈസൻസ് വാഹനം ഓടിച്ചയാളുടെ വിശദീകരണം കേട്ടതിനുശേഷം താത്കാലികമായി റദ്ദ് ചെയ്യുന്നുണ്ട്. കൂടാതെ ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം അപകടത്തിന് കാരണമാകുന്ന അമിത |

| | | | |
|---|---|---|---|
| | | | വേഗത, അമിത ഭാരം, മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനം ഓടിക്കൽ തുടങ്ങിയ നിയമലംഘനം നടത്തുന്നവരുടെ ലൈസൻസുകളും മോട്ടോർ വാഹന വകുപ്പ് താത്കാലികമായി റദ്ദ് ചെയ്യാറുണ്ട്. ഈ വർഷം സെപ്റ്റംബർ മാസം വരെ 21,246 ലൈസൻസുകൾ താത്കാലികമായി റദ്ദ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**